# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1184**

**10.08.2017-ന് മറുപടിയ്ക്ക്**

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുരളി പെരുനെല്ലി | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മണലൂർ മണ്ഡലത്തിലെ കണ്ടശ്ശാംകടവ് പ്രൊഫ.ജോസഫ് മുണ്ടശ്ശേരി ഗവ. എച്ച്.എസ്.എസ്, മുല്ലശ്ശേരി ഗവ.എച്ച്.എസ്.എസ്, ഗവ.എൽ.പി. സ്കൂൾ കേമ്പേരി എന്നീ സ്കൂളുകളുടെ വികസന പ്രവർത്തനങ്ങൾക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാം;വിശദമാക്കാമോ? | മണലൂർ മണ്ഡലത്തിലെ കണ്ടശ്ശാംകടവ് പ്രൊഫ.ജോസഫ് മുണ്ടശ്ശേരി ഗവ. എച്ച്.എസ്.എസ്. എന്ന സ്കൂൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമാക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്കൂളുകളുടെ ആദ്യഘട്ട ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത സ്കൂളിന് 2016-17 സാമ്പത്തിക വർഷത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും 412 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>മുല്ലശ്ശേരി ഗവ.എച്ച്.എസ്.എസിനെ മികവിന്റെ കേന്ദ്രമാക്കുന്ന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ധനസഹായത്തിനായി കിഫ്ബിയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>ഗവ.എൽ.പി. സ്കൂൾ, കേച്ചേരി, ചൂണ്ടൽ എന്ന സ്കൂളിന്റെ മാസ്റ്റർ പ്ലാൻ / പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ